10. ആറളം ഫാമിൽ കുടിവെള്ള വിതരണ പദ്ധതിയുടെ പ്രവൃത്തി ജലനിധി മുഖേന ആരംഭിച്ചിട്ടുണ്ട്.

11. പുനരധിവാസ മേഖല വനമേഖലയുമായി അതിർത്തി പങ്കിടുന്ന ഭാഗങ്ങളിൽ വേലി സ്ഥാപിക്കുന്നതിന് ആദ്യഘട്ടത്തിൽ 3 കി.മി. ചെയ്യുന്നതിന് 3 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടി സ്വീകരിച്ചുവരുന്നു.

12. കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട പട്ടികവർഗ്ഗ സ്ത്രീയുടെ അനന്തരാവകാശികൾക്ക് വനം വകുപ്പ് 3,00,000-രൂപ, റവന്യൂ വകുപ്പ് 10,000- രൂപ, പട്ടികവർഗ്ഗ വികസന വകുപ്പ് 2000-രൂപ എന്നിങ്ങനെ ധനസഹായം നൽകിയിട്ടുണ്ട്.

13. മുത്തങ്ങ സമരത്തിന്റെ ഭാഗമായി കുടിയിറക്കപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകണമെന്ന ആവശ്യം സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(സി) സമരക്കാരുമായി ആദ്യഘട്ടത്തിൽതന്നെ ബഹു. പട്ടികവർഗ്ഗക്ഷേമ വകുപ്പ് മന്ത്രി ചർച്ച നടത്തിയിട്ടുണ്ട്. കൂടാതെ സമരം ഒത്ത് തീർക്കുന്നതിന് ബഹു. മുഖ്യമന്ത്രി സമരസമിതി നേതാക്കളുമായും/സിവിൽ സമൂഹത്തിന്റെ പ്രതിനിധികളുമായും ചർച്ച നടത്തിയിട്ടുണ്ട്. കൂടാതെ എല്ലാ പട്ടികവർഗ്ഗ സംഘടനാ നേതാക്കളുമായും ബഹു. മുഖ്യമന്ത്രി 14-10-2014- ന് ചർച്ച നടത്തിയിട്ടുണ്ട്.

(ഡി) ഭൂരിഭാഗം ആവശ്യങ്ങളിന്മേലും ഇതിനകം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന ആവശ്യങ്ങളിലും സാധ്യതകൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## പട്ടികഗോത്രവർഗ്ഗ വിദ്യാർത്ഥികളുടെ യാത്രാസൗകര്യം

348 (688) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ലഭ്യമാക്കുന്നതിന് പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) പദ്ധതി രൂപീകരണത്തിനും നടത്തിപ്പിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ) വിദൂരവും ദുർഘടവുമായ പ്രദേശങ്ങളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക യാത്രാസൗകര്യം ഒരുക്കുന്നതിന് 'ഗോത്ര സാരഥി' എന്ന പദ്ധതി ആവിഷ്കരിച്ച നടപ്പിലാക്കിവരുന്നുണ്ട്.

(ബി) പൊതുയാത്രാ സൗകര്യമില്ലാത്തതും വിദൂരവും ദുർഘടവുമായുള്ള പട്ടികവർഗ്ഗ സങ്കേതങ്ങളിലെ വിദ്യാർത്ഥികൾക്ക തങ്ങളുടെ വീട്ടിൽനിന്നും ദിവസവുംപോയി വരാനാകുന്ന വിധം സ്കൂളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഗോത്ര സാരഥി പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഇത്തരം സങ്കേതങ്ങളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്കൂളിൽനിന്നുള്ള കൊഴിഞ്ഞുപോക്ക് തടയുക, ഇവരുടെ വിദ്യാഭ്യാസ അവകാശ നിയമം സംരക്ഷിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) 'ഗോത്രസാരഥി' പദ്ധതി നടത്തിപ്പിനായി വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ആയത് നടപ്പിലാക്കുന്നതിനായി ഓരോ സ്കൂളിലും ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിരുന്നു. മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത 395 സ്കൂളുകളിൽ 2013-14 സാമ്പത്തിക വർഷം പദ്ധതി വിജയകരമായി നിർവഹിക്കുകയുണ്ടായി.

2014-15 വർഷത്തിൽ ടി പദ്ധതി നടത്തിപ്പിനായി അതാത് ഗ്രാമപഞ്ചായത്ത് അധികൃതരുടെ സഹായത്തോടെ പുതിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അർഹതയുള്ള 321 സ്കൂളുകൾ തെരഞ്ഞെടുത്ത് ടി പദ്ധതി നടപ്പിലാക്കി വരുന്നു.

## ആദിവാസികളുടെ അവകാശങ്ങൾ

**349 (689)** <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> :
<u>ശ്രീ. എസ്. രാജേന്ദ്രൻ</u> :
<u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> :
<u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനാവകാശ നിയമമനുസരിച്ചുള്ള അവകാശങ്ങൾ ആദിവാസികൾക്ക് ലഭ്യമാക്കുന്നതിൽ പട്ടികവർഗ്ഗവകുപ്പ് തികഞ്ഞ അനാസ്ഥ കാണിക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly